റോഡപകടങ്ങളിൽപ്പെടുന്നവരുടെ ചികിത്സ ഉറപ്പാക്കുന്നതിനുള്ള പദ്ധതികൾ

284 (2028) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന റോഡ് സുരക്ഷാ അതോറിറ്റി അപകടങ്ങൾ കൂടുതലായുള്ള ഭാഗങ്ങൾ കേന്ദ്രീകരിച്ചും, ഇതര ഭാഗങ്ങളിലും റോഡ് അപകടങ്ങളിൽ പ്പെടുന്നവരുടെ ചികിത്സ ഉറപ്പാക്കുന്നതിലേക്കായി പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ;

(ബി) എങ്കിൽ ഈ ആവശ്യത്തിലേക്കായി എത്ര തുക വകയിരുത്തി യിട്ടുണ്ടെന്നും ട്രോമാകെയർ യൂണിറ്റുകൾ ഉൾപ്പെടെ എന്തെല്ലാം ആവശ്യങ്ങൾക്ക് ഈ തുക വിനിയോഗിക്കുന്നുവെന്നും അറിയിക്കുമോ;

(സി) കൊല്ലം ജില്ലയിലെ പാരിപ്പള്ളി കേന്ദ്രീകരിച്ച് ട്രോമാകെയർ യൂണിറ്റ് സ്ഥാപിക്കുന്നതിലേക്കുള്ള നടപടിയുടെ പുരോഗതി അറിയിക്കുമോ; പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിലേക്ക് തടസ്സങ്ങൾ വല്ലതും നിലവിലുണ്ടോ; എങ്കിൽ വിശദമാക്കുമോ?

ഉത്തരം

(എ & ബി) സംസ്ഥാന റോഡ് സുരക്ഷാ അതോറിറ്റി നേരിട്ട് പദ്ധതികൾ ആസൂത്രണം ചെയ്യുന്നില്ല. വിവിധ വകുപ്പുകൾ, ഏജൻസികൾ വഴിയാണ് പദ്ധതികൾ നടപ്പാക്കുന്നത്. റോഡ് സുരക്ഷാ അതോറിറ്റി ആരോഗ്യ വകുപ്പിന് 2009-ൽ 5 കോടി രൂപ അനുവദിച്ചിരുന്നു. ടി തുക ഹരിപ്പാട്, വടകര, പയ്യന്നൂർ, താലൂക്ക് ആശുപത്രികളിലും, പത്തനംതിട്ട ജനറൽ ആശുപത്രി, കുറ്റിപ്പുറം സി. എച്ച്. സി. എന്നിവിടങ്ങളിൽ ട്രോമാകെയർ യൂണിറ്റുകൾ ആരംഭിക്കുന്നതിനും പോലീസ് വകുപ്പിൽനിന്നും ലഭിച്ച ആംബുലൻസുകളെ ട്രോമാകെയർ ആംബുലൻസുകളാക്കി സജ്ജീകരിക്കാനും ട്രോമാകെയർ യൂണിറ്റുകൾക്ക് ആവശ്യമുള്ള ഉപകരണങ്ങൾ വാങ്ങുക, ഇതുമായി ബന്ധപ്പെട്ട മൈനർ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുക, ആംബുലൻസിന്റെ കണ്ടിജൻസി ചെലവുകൾ, ആംബുലൻസിന്റെ ഡ്രൈവർമാർക്കും, ടെക്നീഷ്യൻമാർക്കും വേതനം നൽകുക എന്നിവയ്ക്കായി ആരോഗ്യ കുടുംബക്ഷേമ വകുപ്പ് ഭരണാനുമതി നൽകിയിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) കൊല്ലം ജില്ലയിലെ പാരിപ്പള്ളി പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ ടോമാകെയർ സംവിധാനത്തിനും ആയതിന്റെ കെട്ടിട നിർമ്മാണത്തിനുമായി ആകെ 3,89,34,585 രൂപയുടെ ശിപാർശ ആരോഗ്യ വകുപ്പ് ഡയറക്ടർ കേരള റോഡ് സുരക്ഷാ അതോറിറ്റിക്ക് സമർപ്പിച്ചിരുന്നു. അതോറിറ്റി നിയമ പ്രകാരം കെട്ടിട നിർമ്മാണത്തിന് ഫണ്ട് നൽകുവാൻ സാധിക്കുകയില്ലായെന്ന് 26-12-2015-ന് കൂടിയ കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ സൂക്ഷ്മപരിശോധനാ കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കെട്ടിടംപണിതനുള്ള ഫണ്ടിൽ നിന്നും ചെയ്തതിനുശേഷം ടോമാകെയർ ഉപകരണങ്ങൾ വാങ്ങുന്നതിലേയ്ക്ക് മാത്രമായുള്ള പ്രൊപ്പോസൽ സമർപ്പിക്കുവാൻ ആരോഗ്യവകുപ്പ് ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

വടകര-തൊട്ടിൽപ്പാലം ചെയിൻ സർവ്വീസ്

285 (2029) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകര-തൊട്ടിൽപാലം റൂട്ടിൽ കെ.എസ്.ആർ.ടി.സി. ചെയിൻ സർവ്വീസ് നടത്തുന്നത് സംബന്ധിച്ച് വടകര, കുറ്റ്യാടി,നാദാപുരം എം.എൽ.എ.-മാർ സമർപ്പിച്ച നിവേദനത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത റൂട്ടിൽ ചെയിൻ സർവ്വീസ് എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) വടകര-തൊട്ടിൽപ്പാലം ചെയിൻ സർവ്വീസ് ആരംഭിക്കണമെന്ന ബഹു. എം. എൽ. എ.-മാരുടെ ആവശ്യത്തിന്മേൽ സാധ്യതാപഠനം നടത്തുകയും 6 ഷെഡ്യൂളുകൾക്ക് അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ ബസുകളുടെ കുറവുമൂലം പ്രസ്തുത സർവ്വീസ് ആരംഭിക്കുവാൻ ഇതുവരെയും കഴിഞ്ഞിട്ടില്ല. ബസുകൾ ലഭ്യമാകുന്ന മുറയ്ക്ക് ടി ചെയിൻ സർവ്വീസ് ആരംഭിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly